<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5470 28.07.2015 ൽ മറുപടിയ്ക്ക്**
**<u>നാദാപുരത്തെ തെങ്ങുകളിലെ കൂമ്പുചീയൽ</u>**

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | | ഉത്തരം<br>ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലെ തെങ്ങുകളിൽ കൂമ്പുചീയൽ രോഗം വ്യാപകമാകുന്നത് തടയുന്നതിനും, ശാശ്വത പരിഹാരം കാണുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ മലയോര മേഖലയിലെ തെങ്ങുകളിൽ കൂമ്പുചീയൽ രോഗം വ്യാപകമാകുന്നത് തടയുന്നതിന് മുൻകരുതലായി മഴക്കാലാരംഭത്തോടുകൂടി കുമിൾ നാശിനി പ്രയോഗം നടത്താനും രോഗാരംഭത്തിൽ തെങ്ങിന്റെ മണ്ടയിലെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തി മാറ്റി കത്തിച്ചു കളയുന്നതിനും ബോർഡോ കുഴമ്പ് പുരട്ടി വെള്ളം വീഴാത്ത രീതിയിൽ പുതിയ നാമ്പ് വരുന്നതുവരെ മൂടി സൂക്ഷിക്കുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ മുഖേന കർഷകർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂമ്പു ചീഞ്ഞ് നശിച്ച തെങ്ങുകളിൽ നിന്നു മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുന്നതിന് മുമ്പായി അത്തരം തെങ്ങുകൾ മുറിച്ച് മാറ്റി കത്തിച്ചു കളയാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പോലെ വളരെ വ്യാപകമായി കൂമ്പുചീയൽ ബാധ കാണുന്ന പക്ഷം കണ്ടിജൻസി പ്രോഗ്രാമിൽ ഉൾപ്പെടുത്തി രോഗബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ